പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3381 9/04/2013-ലെ മറുപടിയ്ക്ക്

<u>ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വില്ലേജ് ഓഫീസുകളുടെ നിർമ്മാണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം വില്ലേജ് ഓഫീസുകൾ പുതുക്കി നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്നും, നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്നും അറിയിക്കുമോ; | (എ) പടിഞ്ഞാറെ ചാലക്കുടി വില്ലേജാഫീസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കല്ലൂർ വടക്കുംമുറി വില്ലേജ് അറ്റകുറ്റപ്പണി നടത്തുന്നതിനും ടോയ്‌ലറ്റ് നിർമ്മാണത്തിനുമായി എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ പൊതുമരാമത്തു അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പരിയാരം വില്ലേജ് വിഭജിച്ച് അതിരപ്പിള്ളിയിൽ പുതിയ വില്ലേജ് ഓഫീസ് അനുവദിച്ച സാഹചര്യത്തിൽ പുതിയ വില്ലേജ് ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്ത് വില്ലേജാഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ പുതുതായി വില്ലേജാഫീസുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി അതിരപ്പിള്ളി ഉൾപ്പെടെയുള്ള പുതിയ 30 വില്ലേജ് ഓഫീസുകളുടെ കരട് വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും ലാന്റ് റവന്യൂ കമ്മീഷണറിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിനുള്ള ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ